## പതിനാലാം കേരള നിയമസഭ

## ഇരുപത്തി രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 353 12.01.2021 ൽ മറുപടിയ്ക്ക്

### വാരപ്പെട്ടി മാവേലി സൂപ്പർ മാർക്കറ്റ്

ചോദ്യം

ശ്രീ. ആന്റണി ജോൺ

ഉത്തരം

ശ്രീ. പി. തിലോത്തമൻ

(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റ് ആയി ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ; | (എ) (ബി) & (സി) | കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചതിൽ സപ്ലൈകോയുടെ നിലവിലെ BEP (Break Even Point) മാനദണ്ഡങ്ങൾ അനുസരിച്ച് ഇതിനായി നിർദ്ദേശിച്ച കെട്ടിടത്തിൻറെ വിസ്തീർണ്ണത്തിന് (2186 ച.അടി) ആനുപാതികമായി പ്രതിമാസം കുറഞ്ഞത് 25 ലക്ഷം രൂപയുടെ കച്ചവടം ലഭിക്കേണ്ടതാണ്. എന്നാൽ നിർദ്ദിഷ്ട കെട്ടിടത്തിൽ 12.75 ലക്ഷം പ്രതിമാസ വിൽപ്പനയാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് അതിനാൽ പ്രതിമാസം പ്രതീക്ഷിക്കുന്ന വിൽപ്പനയ്ക്കാനുപാതികമായിട്ടുള്ള തറ വിസ്തീർണ്ണമുള്ള കെട്ടിടം കണ്ടെത്തി മാവേലി സൂപ്പർ സ്റ്റോർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വാരപ്പെട്ടിയിലെ മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റ് ആക്കുന്നതിനു വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | വാരപ്പെട്ടി മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റ് ആക്കുന്ന പ്രവർത്തി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ